"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

നികുതി വകുപ്പ് - ജീവനക്കാര്യം - കേരള സംസ്ഥാന ബിവറേജസ് കോർപ്പറേഷനിൽ അധിക തസ്തികകൾ സൃഷ്ടിക്കുന്നത് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**നികുതി (എ) വകുപ്പ്**

സ.ഉ.(കൈ) നം.20/2026/TAXES തീയതി,തിരുവനന്തപുരം, 14-03-2026

പരാമർശം:- കേരള സംസ്ഥാന ബിവറേജസ് കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറുടെ 16.01.2026-ലെ കെ.എസ്.ബി.സി/339/2025/എ.ഇ10 നമ്പർ കത്ത്.

**ഉത്തരവ്**

കേരള സംസ്ഥാന ബിവറേജസ് കോർപ്പറേഷനിൽ പുതുതായി ആരംഭിച്ച ഔട്ട് ലെറ്റുകളിലേക്കും, വെയർ ഹൗസുകളിലേക്കും ആവശ്യമായ 5 മാനേജർ, 5 അസിസ്റ്റന്റ് മാനേജർ/അക്കൗണ്ടന്റ്, 5 സീനിയർ അസിസ്റ്റന്റ്, 5 അസിസ്റ്റന്റ്, 5 കംപ്യൂട്ടർ പ്രോഗ്രാമർ, 31 യു.ഡി. ക്ലർക്ക് , 62 എൽ.ഡി.ക്ലർക്ക്, 217 ഓഫിസ്/ഷോപ്പ് അറ്റൻഡന്റ് എന്നിങ്ങനെ 335 അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനായി കേരള സംസ്ഥാന ബിവറേജസ് കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ പരാമർശ കത്ത് പ്രകാരം ശിപാർശ സമർപ്പിച്ചിട്ടുണ്ട് .

2) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. കേരള സംസ്ഥാന ബിവറേജസ് കോർപ്പറേഷന്റെ പുതിയതായി അനുവദിച്ച 17 ഔട്ട് ലെറ്റുകളിലേയ്ക്കും 5 വെയർഹൗസുകളിലേക്കുമായി 68 തസ്തികകൾ ചുവടെ ചേർക്കും പ്രകാരം സൃഷ്ടിച്ച് ഇതിനാൽ ഉത്തരവാകുന്നു.

| ക്രമ നം | തസ്തിക | എണ്ണം |
|---|---|---|
| 1 | മാനേജർ | 2 |
| 2 | അസിസ്റ്റന്റ് മാനേജർ/അക്കൗണ്ടന്റ് | 3 |
| 3 | സീനിയർ അസിസ്റ്റന്റ് | 3 |
| 4 | അസിസ്റ്റന്റ് | 3 |
| 5 | കമ്പ്യൂട്ടർ പ്രോഗ്രാമർ കം ഓപ്പറേറ്റർ | 2 |
| 6 | യു.ഡി.ക്ലർക്ക് | 11 |
| 7 | എൽ.ഡി.കർക്ക് | 11 |

| | | |
|---|---|---|
| 8 | ഓഫീസ്/ഷോപ്പ് അറ്റൻഡന്റ് | 33 |
| ആകെ | | 68 |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

കെ ആർ ജ്യോതിലാൽ

അഡീഷണൽ ചീഫ് സെക്രട്ടറി

1.മാനേജിംഗ് ഡയറക്ടർ കേരള സംസ്ഥാന ബിവറേജസ് കോർപ്പറേഷൻ, തിരുവനന്തപുരം.

2.പ്രിൻസിപ്പൽ അക്കണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം.

3.പൊതുഭരണ എസ്.സി വകുപ്പ് (13.03.2026-ലെ മന്ത്രിസഭ യോഗതീരുമാനം ഇനം നം. 3917 പ്രകാരം)

4.ധനകാര്യ വകുപ്പ് (ഫയൽ നം.2510364/പി.യു-സി2/105/2023/ധന പ്രകാരം)

5.വിവര പൊതുസമ്പർക്ക വകുപ്പ്(വെബ് & ന്യൂ മീഡിയ)(മന്ത്രസഭായോഗ തീരുമാനത്തിന്റെയും ക്യാബിനറ്റ് കുറിപ്പിന്റെയും പകർപ്പ് സഹിതം)

6. സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി (എ3/135/2023/നികുതി)

ഉത്തരവിൻ പ്രകാരം

Signed by
Jagadish Babu M
സെക്ഷൻ ഓഫീസർ
Date: 14-03-2026 17:09:03

രഹസ്യം

# കേരള സർക്കാർ
# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

**തീയതി : 13-03-2026**

ഫയൽ നം. എ3/135/2023/നികുതി    ഇനം നം: 3917

വിഷയം : നികുതി വകുപ്പ് - കെ.എസ്.ബി.സി.-യിൽ പുതിയതായി ആരംഭിച്ച ഔട്ട്ലെറ്റുകളിലും വെയർഹൗസുകളിലും അധിക തസ്തിക സൃഷ്ടിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, നികുതി വകുപ്പ്.

3917

കേരള സർക്കാർ
(ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)
മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | എ 3/135 / 2023 /നികതി |
| 2 | വകുപ്പ് | : | നികതി (എ) വകുപ്പ് |
| 3 | വിഷയം | : | കെ.എസ്.ബി.സിയിൽ പുതിയതായി ആരംഭിച്ച ഔട്ട് ലെറ്റുകളിലും വെയർഹൗസുകളിലും അധിക തസ്തിക സൃഷ്ടിക്കുന്നത് -സംബന്ധിച്ച്. |
| 4 | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 09.03.2026 |
| 5 | (i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ?<br>(ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | :<br>: | അതെ<br>ഉണ്ട് |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചി ട്ടുണ്ടോ? | : | ഇല്ല |
| 7 | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | : | ശ്രീ. പ്രമോദ്.എം.വി |
| 8 | കുറിപ്പ് സമർപ്പിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | : | ശ്രീ. കെ.ആർ.ജ്യോതിലാൽ |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 10.03.2026 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ. എ. ജയതിലക് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 12.03.2026 |
| 12 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ. എം.ബി.രാജേഷ് |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 12.03.2026 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 12.03.2026 |
| 15 | മന്ത്രിസഭാ യോഗം തീരുമാനമെടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പരും തീയതിയും | : | |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

കേരള സംസ്ഥാന ബിവറേജസ് കോർപ്പറേഷനിൽ പുതിയതായി ആരംഭിച്ച ചില്ലറ വില്പനശാലകളിലും വെയർഹൗസുകളിലും അധിക തസ്തികകൾ സൃഷ്ടിക്കുന്നതുമായി ബന്ധപ്പെട്ടതാണ് ഈ കുറിപ്പ്

2) കേരള സംസ്ഥാന ബിവറേജസ് കോർപ്പറേഷനിൽ (കെ.എസ്.ബി.സി) പുതുതായി അനുവദിച്ച 26 ഔട്ട് ലൈറ്റിലേക്കും 5 വെയർ ഹൌസുകളിലേക്കും ആവശ്യമായ 335 അധിക തസ്തികകൾ (5 മാനേജർ തസ്തികകൾ , 5 അസിസ്റ്റന്റ് മാനേജർ/അക്കൗണ്ടന്റ് തസ്തികകൾ, 5 സീനിയർ അസിസ്റ്റന്റ് തസ്തികകൾ, 5 അസിസ്റ്റന്റ് തസ്തികകൾ, 5 കംപ്യൂട്ടർ പ്രോഗ്രാമർ തസ്തികകൾ, 31 യു.ഡി.സി തസ്തികകൾ, 62 എൽ.ഡി.സി തസ്തികകൾ, 217 ഓഫിസ്/ഷോപ്പ് അറ്റൻഡന്റ് തസ്തികകൾ) സൃഷ്ടിക്കണമെന്ന് ആവശ്യപ്പെട്ട് ബിവറേജസ് കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ ഒരു പ്രൊപ്പോസൽ സർക്കാരിന് സമർപ്പിച്ചിരുന്നു.

3) കെ.എസ്.ബി.സിയിൽ നിന്നും ലഭിച്ച പ്രൊപ്പോസൽ പരിശോധിക്കുകയും വിവിധ കാരണങ്ങളാൽ പൂട്ടിപോയ 9 കെ.എസ്.ബി.സി ഔട്ട് ലെറ്റുകളിലെ ജീവനക്കാരെ പുതിയതായി ആരംഭിച്ച 9 ഔട്ട് ലെറ്റുകളിലേക്കും പുനർ വിന്യസിച്ച ശേഷം ബാക്കി 17 ഔട്ട് ലെറ്റുകളിലേക്കും 5 വെയർ ഹൗസുകളിലേക്കും ആവശ്യമായ 245 അധിക തസ്തികകൾ തസ്തിക (5 മാനേജർ തസ്തികകൾ, 5 അസിസ്റ്റന്റ് മാനേജർ/അക്കൗണ്ടന്റ് തസ്തികകൾ, 5 സീനിയർ അസിസ്റ്റന്റ് തസ്തികകൾ, 5 അസിസ്റ്റന്റ് തസ്തികകൾ, 5 കംപ്യൂട്ടർ പ്രോഗ്രാമർ തസ്തികകൾ, 22 യു.ഡി.സി തസ്തികകൾ, 44 എൽ.ഡി.സി തസ്തികകൾ, 154 ഓഫീസ് /ഷോപ്പ് അറ്റൻഡന്റ് തസ്തികകൾ) സൃഷ്ടിക്കാവുന്നതാണെന്ന് കണ്ടെത്തുകയും ധനകാര്യ വകുപ്പിന്റെ അഭിപ്രായം ആരായുകയുമുണ്ടായി.

4) ഈ വിഷയത്തിൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം ചുവടെ ചേർക്കുന്നു

" കേരള സംസ്ഥാന ബിവറേജസ് കോർപ്പറേഷന്റെ 17 ഔട്ട് ലെറ്റുകളിലേക്കും 5 വെയർഹൗസുകളിലേക്കും ആകെ 68 തസ്തികകൾ(മാനേജർ തസ്തിക-2, അസിസ്റ്റന്റ് മാനേജർ/അക്കൗണ്ടന്റ് -3, സീനിയർ അസിസ്റ്റന്റ് -3, അസിസ്റ്റന്റ്-3, കമ്പ്യൂട്ടർ

പ്രോഗ്രാമർ-2, യു.ഡി.സി-11, എൽ.ഡി.സി-11, ഓഫീസ് അറ്റൻഡന്റ്-33) സൃഷ്ടിക്കുന്നതിന് അനുമതി നൽകുന്നു.

**"ഇതിന് ബഹു. ധനകാര്യ വകുപ്പ് മന്ത്രിയുടെ അംഗീകാരമുണ്ട്"**

5) ധനകാര്യ വകുപ്പിന്റെ അനുമതിയുടെ അടിസ്ഥാനത്തിൽ 68 തസ്തികകൾ സൃഷ്ടിക്കുമ്പോൾ ഉണ്ടാകുന്ന സാമ്പത്തിക ബാധ്യത ചുവടെ ചേർക്കുന്നു.

| ക്രമ നം | തസ്തിക | എണ്ണം | അടിസ്ഥാന ശമ്പളം (രൂപയിൽ) | ഡി.എ 35 % (രൂപയിൽ) | പ്രതിമാസ ചെലവ് (രൂപയിൽ) | പ്രതിവർഷ ചെലവ് (രൂപയിൽ) |
|---|---|---|---|---|---|---|
| 1 | മാനേജർ | 2 | 55200 | 19320 | 1,49,040 | 17,88,480 |
| 2 | അസിസ്റ്റന്റ് മാനേജർ /അക്കൗണ്ടന്റ് | 3 | 50200 | 17570 | 2,03,310 | 24,39,720 |
| 3 | സീനിയർ അസിസ്റ്റന്റ് | 3 | 43400 | 15190 | 1,75,770 | 21,09,240 |
| 4 | അസിസ്റ്റന്റ് | 3 | 39300 | 13755 | 1,59,165 | 19,09,980 |
| 5 | കമ്പ്യൂട്ടർ പ്രോഗ്രാമർ കം ഓപ്പറേറ്റർ | 2 | 37400 | 13090 | 1,00,980 | 1,211,760 |
| 6 | യു.ഡി.ക്ലർക്ക് | 11 | 35600 | 12460 | 5,28,660 | 63,43,920 |
| 7 | എൽ.ഡി.ക്ലർക്ക് | 11 | 26500 | 9275 | 3,93,525 | 47,22,300 |
| 8 | ഓഫീസ് /ഷോപ്പ് അറ്റൻഡന്റ് | 33 | 23000 | 8050 | 10,24,650 | 1,22,95,800 |
| | **ആകെ** | **68** | | | **27,35,100** | **3,28,21,200** |

6) അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള സാമ്പത്തിക ബാധ്യത ബിവറേജസ് കോർപ്പറേഷൻ വഹിക്കുമെന്നതിനാൽ സർക്കാരിന് സാമ്പത്തിക ബാധ്യത ഉണ്ടാകുന്നതല്ല

7) ഈ വിഷയം മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു.മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട്.

**തീരുമാനിക്കേണ്ട വിഷയം**

ധനകാര്യ വകുപ്പ് അനുമതി നൽകിയ പ്രകാരം, കേരള സംസ്ഥാന ബിവറേജസ് കോർപ്പറേഷന്റെ പുതിയതായി അനുവദിച്ച 17 ഔട്ട് ലെറ്റുകളിലേയ്ക്കും 5 വെയർഹൗസുകളിലേക്കും ചുവടെ ചേർക്കും പ്രകാരം ആകെ 68 തസ്തികകൾ സൃഷ്ടിക്കാവുന്നതാണോ ?

| ക്രമ നം | തസ്തിക | എണ്ണം |
|---|---|---|
| 1 | മാനേജർ | 2 |
| 2 | അസിസ്റ്റന്റ് മാനേജർ/അക്കൗണ്ടന്റ് | 3 |
| 3 | സീനിയർ അസിസ്റ്റന്റ് | 3 |
| 4 | അസിസ്റ്റന്റ് | 3 |
| 5 | കമ്പ്യൂട്ടർ പ്രോഗ്രാമർ കം ഓപ്പറേറ്റർ | 2 |
| 6 | യു.ഡി.ക്ലർക്ക് | 11 |
| 7 | എൽ.ഡി.ക്ലർക്ക് | 11 |
| 8 | ഓഫീസ്/ഷോപ്പ് അറ്റൻഡന്റ് | 33 |
| **ആകെ** | | 68 |